മാതൃഭൂമി

**18 January 2017**

# ജല പരിഷ്കരണ നിയമത്തിന് ശാസ്ത്ര സമൂഹത്തിന്റെ പിന്തുണ വേണം - മന്ത്രി തോമസ് ഐസക്

**കൊച്ചി:** സംസ്ഥാന സർക്കാർ മത്സ്യമേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന സമഗ്ര ജല പരിഷ്കരണ നിയമത്തിന് (അക്വേറിയൻ റിഫോംസ്) ശാസ്ത്ര സമൂഹത്തിന്റെ പിന്തുണ വേണമെന്ന് ധനമന്ത്രി ഡോ. തോമസ് ഐസക്. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) വിവിധ വകുപ്പു മേധാവികളുമായുള്ള കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു ധനമന്ത്രി.

നിയമ നിർമാണത്തിന് സാങ്കേതിക വിദ്യകൾ, മത്സ്യബന്ധന രീതികൾ, മത്സ്യബന്ധന ഉപകരണങ്ങൾ, മത്സ്യത്തൊഴിലാളികളുടെ കടലവകാശം തുടങ്ങി വിവിധ മേഖലകളുമായി ബന്ധപ്പെട്ട് സി.എം.എഫ്.ആർ.ഐ. കർമ പദ്ധതികൾ സമർപ്പിക്കുകയാണെങ്കിൽ ഗുണകരമാകും.

സമഗ്ര ജല പരിഷ്കരണ നിയമം സംസ്ഥാന സർക്കാരിന്റെ മുൻഗണനാ പട്ടികയിലുള്ളതാണ്. സമുദ്രസമ്പത്ത് ഗണ്യമായി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സുസ്ഥിര പരിപാലന രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. എന്നാൽ പ്രായോഗികമായ പരിഷ്കരണങ്ങൾ കൊണ്ടുവന്നാൽ മാത്രമേ നടപ്പിലാക്കാനാകൂ എന്ന് മന്ത്രി പറഞ്ഞു.

സി.എം.എഫ്.ആർ.ഐ.യുടെ വിവിധ ഗവേഷണ പ്രവർത്തനങ്ങൾ ഡയറക്ടർ ഡോ. ഗോപാലകൃഷ്ണൻ വിശദീകരിച്ചു.

മന്ത്രിയുമായി നടന്ന കൂടിക്കാഴ്ചയിൽ വിവിധ ഡിവിഷൻ മേധാവികളായ ഡോ. ആർ. നാരായണകുമാർ, ഡോ. പി. വിജയഗോപാൽ, ഡോ. ടി.വി. സത്യാനന്ദൻ, ഡോ. ഇമൽഡ ജോസഫ്, ഡോ. ബോബി ഇഗ്നേഷ്യസ് തുടങ്ങിയവർ പങ്കെടുത്തു.